കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേറ്റർ കമ്മിറ്റിയുടെ 30.07.2019 ലെ യോഗ തീരുമാനം നം. 4.21 - വാഴൂർ ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു സ്റ്റാഫ് നേഴ്സിനെ അധികമായി നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം. 2001/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 17/09/2019.

പരാമർശം:- 1) 02.07.2018 ലെ 210/ഡിബി2/18/ത.സ്വ.ഭ.വ നം. സർക്കുലർ.

2) 17.01.2019 ലെ 442/ഡിബി2/18/ത.സ്വ.ഭ.വ നം. സർക്കുലർ.

3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.07.2019 ലെ യോഗ തീരുമാനം നം.4.21.

<u>ഉത്തരവ്</u>

സൂചന സർക്കുലറുകളിലെ നിർദ്ദേശ പ്രകാരം വാഴൂർ ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രത്തിൽ ഒരു മെഡിക്കൽ ഓഫീസറെയും ഒരു ഫാർമസിസ്റ്റിനെയും അധികമായി നിയമിച്ചുവെന്നും അധിക തിരക്കുള്ളതിനാൽ ഒരു സ്റ്റാഫ് നഴ്സിനെക്കൂടി നിയമിക്കണമെന്ന് മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അതിന് അനുമതി നൽകണമെന്നുള്ള വാഴൂർ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസർ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാഴൂർ ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രത്തിലെ അധിക തിരക്ക് പരിഗണിച്ച് ഒരു സ്റ്റാഫ് നേഴ്സിനെ നിയമിക്കുന്നതിന് തനത് ഫണ്ട് മാത്രമേ ഉപയോഗിക്കാവൂ എന്ന നിബന്ധനയോടെ ഈ വർഷത്തേക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ് സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്:

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡന്റ് / സെക്രട്ടറി, വാഴൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം.

മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, വാഴൂർ, കോട്ടയം.

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ